# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2468** **12.03.2020 ലെ മറുപടി**

### മൂവാറ്റുപുഴയാറിൽ രാമമംഗലത്ത് ചെക്ക് ഡാം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| മൂവാറ്റുപുഴയാറിൽ രാമമംഗലത്ത് നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | രാമമംഗലത്ത് ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്റ്റിൽ നിന്നുള്ള ഡിസ്ചാർജ് കൂടുകയും റിങ് ബണ്ടിന്റെ മുകളിലൂടെ വെള്ളം കയറുകയും ചെയ്തു. കൂടാതെ കഴിഞ്ഞ ഓഗസ്റ്റ് മാസത്തെ മഴ കാരണവും ഈ കാലയളവിൽ ചെക്ക് ഡാമിന്റെ പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു. ആയതിനാൽ 04.07.2019 -ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 31.03.2020 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇപ്പോൾ 95% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ച് അവസാനത്തോടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ